# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2767 14.12.2015-ലെ മറുപടിയ്ക്ക്

## പട്ടികജാതിക്കാർക്കുള്ള ചികിത്സാ ധനസഹായം

**ചോദ്യം** ശ്രീ പി. തിലോത്തമൻ, എം. എൽ. എ

**മറുപടി**

ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി

എ) പട്ടികജാതിക്കാർക്ക് അനുവദിക്കുന്ന ചികിത്സാ ധനസഹായത്തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക എത്രയും വേഗം രോഗികൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ;

എ). ശ്രദ്ധയിൽപ്പെട്ടിട്ടില്ല

ബി). ചേർത്തല താലൂക്കിൽ പട്ടികജാതിക്കാരായ അപേക്ഷകർക്ക് അനുവദിച്ച ചികിത്സാ സഹായം ഇനിയും എത്ര പേർക്ക് വിതരണം ചെയ്യാനുണ്ടെന്നും പ്രസ്തുത തുക അപേക്ഷകർക്ക് എന്ന് ലഭ്യമാക്കുമെന്നും വ്യക്തമാക്കുമോ;

ബി). ചേർത്തല താലൂക്കിൽ പട്ടികജാതിക്കാരായ അപേക്ഷകർക്ക് അനുവദിച്ച ചികിത്സാധനസഹായ തുക ഇനി 35 പേർക്കുകൂടി വിതരണം ചെയ്യാനുണ്ട്. ആയത് 15-12-2015 ന് മുൻപായി വിതരണം ചെയ്യുന്നതാണ്.

സി). അനുവദിച്ച ചികിത്സാ സഹായം ലഭിക്കുന്നതിന് പട്ടിക ജാതിക്കാരായ അപേക്ഷകർക്ക് ഒട്ടേറെ നടപടിക്രമങ്ങൾ പാലിക്കേണ്ടി വരുന്നത് മൂലമുള്ളബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

സി). ചികിത്സാ ധനസഹായം അനുവദിക്കുന്നതിന്, അനിവാര്യമായ രേഖകൾ ഹാജരാക്കുന്ന മുറക്ക് ധനസഹായം വിതരണം ചെയ്തു വരുന്നു. ആവശ്യമായ മുഴുവൻ രേഖകളും സഹിതം അപേക്ഷ സമർപ്പിക്കുന്നവർക്ക് നടപടി ക്രമങ്ങൾ കാരണം ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നില്ല. കൂടാതെ ജില്ലാ പട്ടികജാതി വികസന ആഫീസർമാർ മുഖാന്തിരം വിതരണം ചെയ്തിരുന്ന ധനസഹായ തുക വിതരണം വേഗത്തിലാക്കുന്നതിനായി

പട്ടികജാതി ആഫീസർമാർക്ക് TSB അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ നിന്നും ധനസഹായ വിതരണം നടത്തുന്നതിലൂടെ കാലതാമസം ഒഴിവാക്കാൻ കഴിയുന്നുണ്ട്.

സെക്ഷൻ ഓഫീസർ